മലമുകളിൽ ജീവിതം പൊലിഞ്ഞു
ഹൃദയം വിലപിക്കുന്നു
വയനാടിനെ തിരിച്ചെടുക്കാനായി
മനുഷ്യരേവരും പ്രാർത്ഥിക്കുന്നു

**ഗൗതം കൃഷ്ണ**
VI-A

# എന്റെ പൊന്നമ്മ

അമ്മ... അമ്മയല്ലോ എൻ ജീവൻ
തഴുകി കളിയാടി എന്നെ വളർത്തുന്നൊരമ്മ
എന്റെ അമ്മമനസ്സിൽ സ്നേഹം അമൃതല്ലോ
എൻ അമ്മ എൻ ശലഭമല്ലോ
എന്നെ ശലഭമാക്കാൻ കൊതിക്കുന്നതമ്മയല്ലോ
സ്നേഹത്താൽ എന്നെ
പൊതിയുന്നതാണ് എൻ അമ്മ
താരാട്ടുപാടിയുറക്കുന്ന എൻ അമ്മ
എന്നെ കാണാഞ്ഞാൽ ഉരുകുന്നോരമ്മ
എന്റെ പൊന്നമ്മ
ദൈവം തന്നൊരു പൊന്നമ്മ...

**ഹെലൻ തോമസ്**
V-A



# അമ്മ

എന്നമ്മ പൊന്നമ്മ എന്റെ പെറ്റമ്മ
അമ്മയ്ക്ക് ഞാനെന്നും പൊന്നോമന
എന്നെ കുളിപ്പിക്കും പൊട്ടുതൊടീക്കും
എന്നമ്മ പൊന്നമ്മ എന്റെ അമ്മ
പാഠങ്ങൾ ചൊല്ലിത്തന്നു വളർത്തീടും
എന്നമ്മ പൊന്നമ്മ എന്റെ അമ്മ
അമ്മയ്ക്ക് തുല്യയായ് അമ്മ മാത്രം
അമ്മയ്ക്ക് പകരമായ് ആരുവേറെ

**കൃഷ്ണ. എം.എസ്**
V-A

# പറഞ്ഞു തീരാത്ത പരിഭവങ്ങൾ

അനന്യ. എം
X-B

നേരം പുലർന്നുവരുന്നു. ഞാൻ കിടക്കപ്പായയിൽ നിന്ന് എഴുന്നേറ്റ് വരുന്നതേയുള്ളൂ. ടപ്പ്, ടപ്പ്, കതകിലെ മുഴക്കം കേട്ട് ആകെ അസ്വസ്ഥയായി കതകുതുറന്നു. "എന്തിനാ ഉമ്മാ ഇങ്ങളിങ്ങനെ ഒച്ചയുണ്ടാക്കുന്നത്". വിളറി വെളുത്ത മുഖവുമായി വിറങ്ങലിച്ചുകൊണ്ട് ഉമ്മ പറഞ്ഞു. "ഇമ്മടെ മായ മരിച്ചു." ഒരു വെള്ളിടി വെട്ടുന്ന പ്രതീതിയാണ് എന്നിൽ ആ വാർത്ത ഉണ്ടാക്കിയത്. ചത്ത് മരവിച്ചിരിക്കുന്നൊരു ശവത്തെ പോലെ ഞാനെന്റെ കട്ടിലിൽ ഇരുപ്പുറപ്പിച്ചു. മണിക്കൂറുകളോളം ഞാൻ തരിച്ചുനിന്നു. ഒരു പാറയെപ്പോലെ നിശ്ചലയായിരിക്കുന്ന എന്നെ ഒരു മൃദുസ്പർശം ഉണർത്തി. മരണവീട്ടിൽ പോകാൻ തയ്യാറായി വന്ന ഉമ്മയുടേതായിരുന്നു അത്. ദുഃഖം കലർന്ന ശബ്ദത്തിൽ ഉമ്മ എന്നോട് ചോദിച്ചു, "അവസാനമായി അനക്ക് ഓളെ കാണേണ്ടേ?"

കുപ്പായം ഇട്ട് തയ്യാറായി മരണവീട്ടിലേക്ക് നടക്കുമ്പോഴും എന്റെ ശരീരമാകെ മരവിച്ച ഒരു പ്രതീതിയായിരുന്നു. ഞാനും മായയും ചെറുപ്പം തൊട്ടുള്ള കൂട്ടുകാരായിരുന്നു. "മായയും ആമിനയും വരണ്ണ്ണ്ട്ട്വോ"- ടീച്ചേഴ്സ് സ്കൂളിൽനിന്ന് വിളിച്ചുപറയും. ആമിനാന്നാണ് പേരെങ്കിലും 'പരിഭവക്കുടുക്ക' എന്നും കുട്ടികൾ എന്നെ കളിയാക്കി വിളിച്ചിരുന്നു. ചെറിയൊരു കാര്യം മതി ഞാൻ പരിഭവം പറഞ്ഞ് ആളുകളുമായി വഴക്കിടും. ഇതുവരെ എന്റെ പിണക്കത്തിനിരയാവാത്തത് ഒരാളെ ഉണ്ടായിരുന്നുള്ളൂ, മായ. ചെറുപ്പം തൊട്ട് എന്റെ ഒപ്പം കളിച്ചുവളർന്ന എന്റെ പ്രിയ കൂട്ടുകാരി. ഒരാഴ്ച മുമ്പ് വരെ ഞങ്ങൾ ഇങ്ങനെത്തന്നെയായിരുന്നു. എന്നാൽ ഒരാഴ്ചക്ക് മുമ്പ് എനിക്ക് പൊറുത്തുകൂടാനാവാത്ത ഒരു തെറ്റാണ് മായ ചെയ്തത്. പനിച്ചു കിടന്നിരുന്ന എന്നെ കാണാൻ വരാതെ എന്നോട് കള്ളം പറഞ്ഞ് അവൾ മറ്റു സഹപാഠികളുടെ കൂടെ സിനിമ കാണാൻ പോയി. ഈ സത്യം തിരിച്ചറിഞ്ഞപ്പോൾ എനിക്ക് സഹിക്കാനാവാത്ത ദേഷ്യമാണ് വന്നത്. ആ പനിയും വെച്ച് ഞാൻ പിറ്റേ ദിവസം സ്കൂളിൽ പോയി. അവളെ കണ്ടപ്പോൾ എന്നെ പറഞ്ഞുപറ്റിച്ച ഒരു വഞ്ചകിയായി എനിക്ക് തോന്നി. അവളെ വിശ്വസിച്ചതിന് ഞാൻ സ്വയം പഴിച്ചു, സ്വയം വെറുത്തു...

ക്ലാസ്മുറിയിലേക്ക് കയറിച്ചെന്ന് ഞാൻ അവളുടെ സ്വഭാവത്തെ പറ്റി മനസ്സിലാക്കിയ വിവരം അവളെ അറിയിച്ചു. അന്താളിപ്പിന്റെയും ഭീതിയുടെയും നിഴൽക്കൂട്ടങ്ങളുടെ ഇരുൾ അവളുടെ മുഖത്ത് എനിക്ക് കാണാനായി. അവൾക്ക് പറയാനുള്ളതൊന്നും കേൾക്കാതെ ഞാനെന്റെ ജീവിതത്തിലെ ഏറ്റവും വലിയ ചതിയായി ഇതിനെകണ്ടുതുടങ്ങി. പരിഭവങ്ങളുടെ ഒരു കെട്ട് തന്നെ അഴിച്ചുവിട്ടു. ഞാൻ പറയുന്ന ഓരോ വാക്കും അവളുടെ മനസ്സിനെ ആഴത്തിൽ കീറിമുറിക്കും എന്നെനിക്കറിയാമായിരുന്നു. എന്നിട്ടും ഞാൻ അത് കാര്യമായി എടുത്തതേയില്ല. ഞാൻ മുഴുവനും പറഞ്ഞുകഴിഞ്ഞപ്പോൾ അവൾ എന്നെ തടഞ്ഞുനിർത്തി. എന്നിട്ട് പറഞ്ഞു എനിക്ക് നിന്നോട് ഒരു കാര്യം പറയാനുണ്ട്,



എന്നെ അത് പറയാൻ സമ്മതിക്കണം. കണ്ണുനീർ ധാരാളമായി അവളുടെ മിഴിയിൽ നിന്ന് ഒഴുകുന്നുണ്ടായിരുന്നു. വികാരനിർഭരമായ അവളുടെ മുഖം കണ്ടപ്പോൾ എനിക്ക് സഹതാപം തോന്നാതിരുന്നില്ല. എന്നാലും അടുത്ത നിമിഷം ഞാൻ അവൾ എന്നോട് കള്ളം പറഞ്ഞ് പറ്റിച്ചതാലോചിച്ച് എന്റെ മനസ്സു മാറി. അവൾക്കു പറയാനുള്ളതൊന്നും കേൾക്കാൻ നിൽക്കാതെ ഞാൻ ദേഷ്യപ്പെട്ട് ഇറങ്ങിപ്പോയി. പിന്നീട് ഒരാഴ്ചയായി ഞങ്ങൾ മിണ്ടിയതേയില്ല.

പലതവണ അവൾ എന്റെ അടുത്ത് വന്ന് സംസാരിക്കാൻ ശ്രമിച്ചു. “നിക്ക് പറയാനുള്ള ഈ ഒരു കാര്യം കേട്ടിട്ട് നീ എവിടെ വേണേലും പൊയ്ക്കോ.” ഞാൻ അവളുടെ വാക്കുകൾക്ക് ചെവി കൊടുത്തില്ല. ഇതേ കാര്യം അവൾ പലതവണ കരഞ്ഞു പറഞ്ഞെങ്കിലും ഞാനത് കേൾക്കാൻ തയ്യാറായില്ല. ഇന്നലെ രാത്രി ഞാനിരുന്നു ചിന്തിച്ചു. ഇന്നത്തേക്ക് ഏഴു ദിവസമായി ഓളോട് മിണ്ടിയിട്ട്. നാളെ എന്തായാലും മിണ്ടണം, ഓൾക്ക് എന്നോട് പറയാനുള്ളതെല്ലാം കേൾക്കണം. എന്റെ മായയോട് അധികദിവസം മിണ്ടാതിരിക്കാൻ സാധിക്കുമായിരുന്നില്ല. ഞാൻ അപ്പോൾ ചിന്തിച്ചത് അവളെന്നോട് കള്ളം പറഞ്ഞു എന്ന് മാത്രമാണ്. എന്നാൽ അത് എന്തിന് എന്നത് ഞാനും ചോദിക്കാനും അവൾ പറയുന്നത് കേൾക്കാനും നിന്നുകൊടുത്തില്ല. അത് നാളെ ചോദിക്കാം എന്ന് നിശ്ചയിച്ചാണ് ഇന്നലെ ഞാൻ ഉറങ്ങാൻ പോയത്.

ഈ സംഭവങ്ങളെല്ലാം എന്റെ മനസ്സിൽ ഒരു അവലോകനപ്രക്രിയപോലെ കടന്നുപോയി. പെട്ടെന്ന് ഞാൻ ചിന്തകളിൽ നിന്ന് ഉണർന്നു. എന്റെ തൊട്ടുമുമ്പിൽ ഒരു കഷണം വെള്ളത്തുണിയിൽ പൊതിഞ്ഞ് തേജസ്സറ്റു കിടക്കുന്ന എന്റെ പൊന്നുകൂട്ടുകാരി. ആ മൃതദേഹത്തിന് അടുത്തിരുന്ന് അവളുടെ അമ്മ നെഞ്ചത്തടിച്ച് കരയുന്നു. ലോറിയപകടം ആയിരുന്നു എന്ന് അപ്പോഴാണ് ഞാൻ അറിഞ്ഞത്. ഒരു നാൽചക്രവാഹനത്തിനടിയിൽ പെട്ട് ചതഞ്ഞുകിടക്കുകയായിരുന്നു എന്റെ കൂട്ടുകാരി. അവളെ അങ്ങനെ അധികനേരം നോക്കിനിൽക്കാൻ എനിക്കായില്ല. ഒന്നും സംഭവിക്കാത്ത മട്ടിൽ ഞാൻ റോഡിലൂടെ ആരോടും ഒരക്ഷരംപോലും മിണ്ടാതെ തിരിച്ച് എന്റെ വീട്ടിലേക്ക് നടന്നു. ഒരു തുള്ളി കണ്ണുനീർപോലും എനിക്ക് പൊഴിക്കാനായില്ല.

തിരിച്ചുപോകുന്ന സമയം മഴുവനും ഞാൻ ഓർത്തത് അവളുടെ ദാരുണമായ മരണത്തെയോ വിധി അവളോട് കാട്ടിയ ക്രൂരതയോ അല്ല, എന്റെ മനസ്സിനെ ഇളക്കിമറിച്ചത് ഒരേയൊരു ചോദ്യമായിരുന്നു. അന്ന് അവൾ കരഞ്ഞപേക്ഷിച്ച് എന്നോട് പറയണം എന്ന് പറഞ്ഞത് എന്തിനെപ്പറ്റി ആയിരിക്കണം? അവളുടെ മരണത്തിൽ എത്രമേൽ ദുഃഖം ഉണ്ടോ അതിന്റെ ഇരട്ടി ഞാനതിന് വേദനിക്കുന്നു. എന്റെ കൂട്ടുകാരിയുടെ അവസാനദിനങ്ങളിൽ ഒരു താങ്ങാകാനും സന്തോഷപൂർവ്വം അവളുടെ അവസാനദിനങ്ങൾ അവൾക്കൊപ്പം സമയം ചെലവഴിക്കാൻ കഴിയാത്തതിൽ- എന്റെ വീടിന്റെ പടവുകൾ കയറുമ്പോൾ ഇതായിരുന്നു ഞാൻ ചിന്തിച്ചത്. “പറഞ്ഞുതീരാത്ത ആ പരിഭവങ്ങൾക്കിടയിൽ അവൾക്ക് അവളുടെ പക്ഷം പറയാൻ ഞാൻ ഒരു അവസരം കൊടുത്തിരുന്നെങ്കിൽ... ഈ ഭാരം എനിക്ക് എന്റെ നെഞ്ചിൽ നിന്ന് ഒന്നിറക്കിവയ്ക്കാമായിരുന്നു.” പറഞ്ഞുതീരാത്ത പരിഭവങ്ങൾ ഒരിക്കലും പറയാനാകാത്ത ഉത്തരങ്ങളിലേക്കുള്ള പടവുകളാണ്.



## പൂമ്പാറ്റ

പൂമ്പാറ്റ പൂമ്പാറ്റ
കൊച്ചു പൂമ്പാറ്റ
പൂവിൽ ഇരിക്കും പൂമ്പാറ്റ
പാറിനടക്കും പൂമ്പാറ്റ
തേൻ കുടിക്കും പൂമ്പാറ്റ
എന്റെ കൊച്ചു പൂമ്പാറ്റ

**പാർവതി രഞ്ജിത്ത്**
UKG-A

# ഓർമ്മച്ചെപ്പിലെ സുഗന്ധകണികകൾ

നട്ടുച്ചയായിട്ടും കാർമേഘങ്ങൾ ഭൂമിയെ വേദനിപ്പിക്കാതെ അങ്ങനെ നനച്ചുകൊണ്ടിരുന്ന ഒരു ദിവസം. പുറത്തുപോയി കളിക്കേണ്ട സമയം, മഴ അതിനനുവദിക്കാതെ ഒരേ താളത്തിൽ പെയ്തുകൊണ്ടിരിക്കുന്നു. പുസ്തകം എടുത്ത് പഠിക്കാൻ ഒരു മൂടും വരുന്നില്ല. ജനാലയിലൂടെ പുറത്തേക്ക് നോക്കി അങ്ങനെ ഇരുന്നു. അപ്പോഴാണ് അമ്മച്ചിയുടെ അടുത്ത് പോയിരുന്ന് കാലുകളൊക്കെ തിരുമ്മി കൊടുത്ത് അമ്മച്ചിയുടെ പഴയകാലാനുഭവങ്ങൾ ഒന്ന് പറഞ്ഞുതരാമോ എന്ന് ചോദിച്ചാലോ എന്ന ചിന്ത വന്നത്.

അമ്മച്ചി അങ്ങനെപഴയ കാലത്തിലേയ്ക്ക് സഞ്ചരിക്കാൻ തുടങ്ങി. മുഖം പതിവിലും നന്നായി പ്രകാശിക്കുന്നു. ക്ഷീണവും, തളർച്ചയും മഴയോടൊപ്പം ഒലിച്ചുപോയതായി തോന്നി. അമ്മച്ചി ശരിക്കും ചെറുപ്പമായതു പോലെ തോന്നി. പണ്ട് സ്കൂളിൽ പോകുമ്പോൾ പുസ്തകങ്ങൾ കയ്യിൽ അടുക്കിപ്പിടിച്ച് കിലോമീറ്റർ കൂട്ടുകാരും ഒന്നിച്ച് നടക്കണം. വണ്ടി ഒന്നുമില്ല. അമ്മച്ചി പറഞ്ഞുതുടങ്ങി. പുസ്തകം വയ്ക്കാൻ ബാഗില്ല. ഇന്നത്തെപോലെ പലപല മോഡൽ ചെരിപ്പുകൾ ഇല്ല. ചപ്പൽ മാത്രം. പൊട്ടിയാൽ ചെരിപ്പ് തയ്ച്ച് അല്ലെങ്കിൽ വാറ് മാറ്റിയിട്ട് കെട്ടിവെച്ച് അങ്ങനെയൊക്കെയാണ് പോകുന്നത്. നല്ല വഴികൾ ഇല്ല, പല പറമ്പുകളിലൂടെയും കയറിയിറങ്ങി അങ്ങനെപോകും. പോകുന്ന വഴിയിൽ ചിലപ്പോൾ മാങ്ങ, പേരക്ക, പുളി അങ്ങനെ പലതും കിട്ടും. അതും കഴിച്ച് സംസാരിച്ചുകൊണ്ട് അങ്ങനെപോകും. അവധിയാകുമ്പോൾ വിരുന്നുപോകും. അന്ന് ഇന്നത്തെപ്പോലെ മൊബൈൽ ഫോൺ ഒന്നുമില്ല. അതുകൊണ്ടുതന്നെ വൈകുന്നേരങ്ങളിൽ ഒരു ഏരിയയിൽ എല്ലാവരും ഒന്നിച്ചു കൂടുകയും കഥകളും തമാശകളും ഒക്കെ പറഞ്ഞ് അങ്ങനെ ചിരിച്ചും സന്തോഷിച്ചും ഇരുന്ന കാലം. ഇന്ന് തൊട്ടടുത്തുള്ള കാര്യങ്ങളും മറ്റും അറിയുന്നതിന് മൊബൈലിൽ കൂടിയാണ്. അന്ന് അങ്ങനെയല്ല. എല്ലാവരുടെയും സന്തോഷവും ദുഃഖവും എല്ലാം പരസ്പരം അറിയാമായിരുന്നു. ഉപ്പു മുതൽ സ്വർണാഭരണങ്ങൾ വരെ ആവശ്യാനുസരണം പങ്കുവെച്ചിരുന്നു അമ്മമാർ. ലാൻഡ്ഫോൺ പോലും അന്ന് വിരലിലെണ്ണാവുന്ന വീടുകളിലെ ഉണ്ടായിരുന്നുള്ളൂ. എന്നിരുന്നാലും ആ ഏരിയയിലെ എല്ലാവരുടെയും ഫോണുകൾ വരുന്നത് ആ ഫോണിലേക്കായിരിക്കും. എന്നാലും എത്ര വയ്യെങ്കിലും ഒരു മടിയുമില്ലാതെ ഓടിവരുന്ന അമ്മമാർ... അങ്ങനെ അങ്ങനെ എല്ലാവർക്കും എല്ലാം പൊതുവായിരുന്നു.

അങ്ങനെ മഴ മാറി ഞാൻ കളിക്കാൻ പോവുകയാണ്.



ബാക്കി അറിയാൻ നിങ്ങൾ നിങ്ങളുടെ അമ്മമാരോടും അപ്പന്മാരോടും ചോദിക്കുക. അവരുമായി സമയം പങ്കുവെക്കുക. അത് അവർക്ക് ഒരു സന്തോഷം ആകും. നമുക്ക് പുതിയ പഴയ അറിവും കിട്ടും.

**എമിൽ അബ്രഹാം**
IX-A



വൈഗ വർഗീസ്
IX-B

# കാണാക്കണ്ണീർ

**പ**റഞ്ഞുതീരാത്ത പരിഭവങ്ങളും സങ്കടങ്ങളും ഞാൻ ആ സ്ത്രീയിൽ കണ്ടു. കീറിപ്പറിഞ്ഞ ഒരു സാരിയും തന്റെ തോളത്ത് അഴുക്ക് നിറഞ്ഞ ഒരു ഭാണ്ഡവുമായി റോഡരികിലെ ബസ്റ്റോപ്പിൽ ഇരിക്കുന്നു. ആളുകൾ ആ സ്ത്രീയെ ഭ്രാന്തി എന്ന് വിളിക്കുന്നത് ഞാൻ പലവട്ടം കേട്ടിട്ടുണ്ട്. ആ സ്ത്രീയോട് എനിക്ക് എന്തോ ഒരു അടുപ്പം തോന്നി. അങ്ങനെയിരിക്കെ ഒരു ദിവസം ഞാൻ അവരുമായി സംസാരിക്കാൻ ഇടയായി. അന്ന് ബസ് കാത്ത് നിൽക്കുകയായിരുന്നു ഞാൻ. പരിഭ്രാന്തി നിറഞ്ഞ ആ മുഖത്തേക്ക് നോക്കി വിളിച്ചു "അമ്മേ". പൊടുന്നനെ ആ സ്ത്രീ എന്നെ ഉറ്റുനോക്കി. ആ ഇടറിയ കണ്ണുകളിലേക്ക് ഞാനും നോക്കി. കുറച്ചുനേരത്തെ ആ നോട്ടത്തിനു ശേഷം, വരണ്ട ചുണ്ടുകൾ അനക്കിക്കൊണ്ട് ആ സ്ത്രീ എന്നോട് ചോദിച്ചു, "മോളേ, നിനക്ക് സുഖമാണോ, അമ്മ എത്രനാളായി മോൾക്ക് വേണ്ടി ഇവിടെ കാത്തിരിക്കുന്നു. മോൾ ഇനി എങ്ങോട്ടാ പോകുന്നേ." ആ വാക്കുകൾ എന്നെ പലതും ചിന്തിപ്പിച്ചു. എനിക്ക് എട്ട് വയസ്സുള്ളപ്പോൾ ആയിരുന്നു എന്റെ അമ്മ എന്നെ വിട്ടുപോയത്. എന്റെ അമ്മ എന്നോട് ചോദിക്കുന്നത് പോലെയായിരുന്നു എനിക്ക് അനുഭവപ്പെട്ടത്. ഒന്നും പറയാനാവാതെ ഞാൻ നിശബ്ദത പാലിച്ച് അവിടെയിരുന്നു. അപ്പോഴേക്കും എന്റെ ബസ് അവിടെ എത്തുകയും ഞാൻ അതിൽ കയറി പോവുകയും ചെയ്തു.

പിറ്റേദിവസം ഞാൻ വീട്ടിൽനിന്നും അതിരാവിലെ ഇറങ്ങുകയും ബസ്റ്റോപ്പിലേക്ക് പോവുകയും ചെയ്തു. ഞാൻ ആ സ്ത്രീയോട് ചോദിച്ചു, "അമ്മ എന്നെ ഓർക്കുന്നുണ്ടോ?" ആ സ്ത്രീ എന്നോട് ഒന്നും പറഞ്ഞില്ല. ഞാൻ ആ സ്ത്രീയുടെ അരികെ ചെന്നിരുന്നു. ആ സ്ത്രീയുടെ കയ്യിൽ പിടിച്ചു. ആ സ്ത്രീ എന്നെ നോക്കി. ഞാൻ ആ സ്ത്രീയോട് ചോദിച്ചു, "ആരെ കാത്തു ഇവിടെ ഇരിക്കുന്നെ?" "എന്റെ മോള് വരുന്നുണ്ട്." ആ സ്ത്രീ എന്നോട് പറഞ്ഞു. ആ സമയം എന്റെ നോട്ടം ഭാണ്ഡത്തിനുള്ളിലെ ഒരു കടലാസ് തുണ്ടിൽ പതിഞ്ഞു. ഞാൻ അത് എടുത്തു. അത് വെറും ഒരു കടലാസ് മാത്രമയായിരുന്നില്ല. ഒരു പത്രത്തിന്റെ കഷ്ണമായിരുന്നു. ഞാൻ അത് തുറന്ന് നോക്കി. കരഞ്ഞുകൊണ്ടിരിക്കുന്ന ഒരു സ്ത്രീയെയാണ് ഞാൻ അതിൽ കണ്ടത്. വെള്ള പുതച്ചു കിടക്കുന്ന ഒരു ശവശരീരം. ഞാൻ അത് വായിച്ചു. അതിൽ എഴുതിയ കാര്യങ്ങൾ എന്റെ മനസ്സിനെആഴത്തിൽ മുറിവേൽപ്പിച്ചു. ഞാൻ ആ കട

ലാസ് തുണ്ട് അമ്മയെ കാണിച്ച്, ഇത് ആരാണെന്ന് ചോദിച്ചു. ആ സ്ത്രീ എന്നെ രൗദ്രഭാവത്തിൽ നോക്കിക്കൊണ്ട് പറഞ്ഞു "അത് എന്റെ മോള്. അവള് നല്ല കുട്ടിയാ. പക്ഷെ അവൻ അവൻ, എന്റെ മോളെ കൊന്നു." ആ വാക്കുകളിൽ ആ സ്ത്രീക്ക് തന്റെ മകളോടുള്ള സ്നേഹമാണ് എനിക്ക് കാണാൻ കഴിഞ്ഞത്. ആ പത്രത്തിന്റെ ഉള്ളടക്കം ഇതായിരുന്നു "സ്കൂളിൽ നിന്നും വരുന്ന വഴി ചെറുപ്പക്കാർ ഒരു കുട്ടിയെ തട്ടിക്കൊണ്ടുപോയി." പോലീസ് ഊർജ്ജിതമായി ആ കുട്ടിക്കു വേണ്ടി അന്വേഷിച്ചെങ്കിലും ഫലമുണ്ടായില്ല. ഇന്നലെ പുഴയരികിൽ ഒരു ചാക്കിൽ പൊതിഞ്ഞ് ആ കുട്ടിയുടെ മൃതദേഹം കണ്ടെടുത്തു. ഇന്ന് ആ കുട്ടിയുടെ സംസ്കാരം നടക്കുന്നതാണ് എന്ന് എഴുതിയിരിക്കുന്നു.

കണ്ണുകൾ കൊണ്ട് കാണുകയും ചെവികൾ കൊണ്ട് കേൾക്കുകയും ചെയ്യുന്ന ആ നൊമ്പരമാണ് അമ്മയുടെ മനസ്സുലച്ചത്. എന്നാൽ കേൾക്കാത്ത കദനങ്ങളും അനുഭവങ്ങളുമായി ഒരുപാട് മനുഷ്യർ നമ്മുടെ ഈ ലോകത്ത് ഇന്നും ജീവിക്കുന്നുണ്ടാകും.

# പ്രകൃതി

ഓണത്തിന് മുറ്റത്തിട്ടിരിക്കുന്ന പൂക്കളെ നോക്കി ഞാൻ ചിന്തിച്ചു. മനോഹരമായ ഇതളുകൾ വിരിച്ച് ചുറ്റും സുഗന്ധം പരത്തി ആരെയാണ് കാത്തിരിക്കുന്നത്? വികൃതികളായ കുട്ടികൾ ഓണത്തിന് പൂക്കളം ഇടാൻ തേടിയെത്തുന്നതും കാത്തിരിക്കുകയാകാം... അതുമല്ലെങ്കിൽ പാറിപ്പറക്കുന്ന പൂമ്പാറ്റകളെ കാത്തിരിക്കുകയാവാം... കുട്ടികളെ സന്തോഷിപ്പിക്കാൻ പ്രകൃതി എത്ര ഭംഗിയായാണ് പൂക്കൾ നിറക്കുന്നത്. ഒത്തിരി സന്തോഷത്തോടെ ഞാൻ പൂക്കൾ പറിച്ചെടുത്തു.

പൂക്കളം ഒരുക്കിയ ശേഷം അടുക്കളയിലെ പായസത്തിന്റെ മണമറിഞ്ഞ് ഓടിച്ചെന്നു. അമ്മ അടുക്കളയിൽ ഇരുന്ന് പച്ചക്കറികൾ അരിയുകയാണ്. പൂക്കൾ മാത്രമല്ല പച്ചക്കറികളും നിറഞ്ഞിട്ടുണ്ട് തൊടിയിൽ. ഇളം കാറ്റുവീശുമ്പോൾ പറമ്പിലെ അപ്പൂപ്പൻതാടികൾ പാറിപ്പറക്കും. ഞങ്ങൾ കുട്ടികൾ അത് കണ്ട് സന്തോഷത്തോടെ കളിക്കും. ഈ പ്രകൃതി ഞങ്ങൾ കുട്ടികൾക്ക് തന്നിരിക്കുന്ന ഓരോന്നും ഞങ്ങൾക്ക് എത്രയോ സന്തോഷമാണ് നൽകുന്നത്.



ശ്രീലക്ഷ്മി. എ
IV-C

# പൂജ്യം മാർക്ക്

റിന്ന ജോജൻ
M/o. അമൽ ജോജൻ (VI-C)

ഓണപ്പരീക്ഷ കഴിഞ്ഞ് കയ്യിൽ അടുക്കിപ്പിടിച്ച പേപ്പറുകളുമായി ക്ലാസിന് പുറത്തിറങ്ങിയപ്പോ ഴാണ് വരാന്തയിൽ നിന്ന് രോഹിത് ഓടിവന്ന് ചോദി ക്കുന്നത്, മിസ്സ് ഈ പേപ്പർ ഇന്ന് തന്നെ നോക്കി തീരുമോ? ഓ തീർക്കാലോ, എന്നിട്ട് കിട്ടുന്ന മുട്ട ഇന്ന് തന്നെ പുഴുങ്ങി തിന്നാൻ ആണോ ഇത്ര ധൃതി യെന്ന് അവന്റെ നെറ്റിയിലേക്ക് നീണ്ടുകിടക്കുന്ന മുടി പിടിച്ചു വലിച്ചുകൊണ്ട് ഞാൻ ചോദിച്ചു.

അല്ല മിസ്സേ, എനിക്ക് പൂജ്യം മാർക്ക് വാങ്ങാതി രിക്കാനുള്ള കുറെ ടിപ്സ് ഒക്കെ ഇന്നലെ അമ്മ പറ ഞ്ഞുതന്നു. അമ്മയ്ക്ക് പണ്ട് അമ്മയുടെ കൂട്ടുകാരി പറഞ്ഞുകൊടുത്തത് അത്ര തന്നെ ഞാൻ പരീക്ഷി ച്ചിട്ടുണ്ട്.

ആണോ, എന്നാ ഇന്ന് തന്നെ നിന്റെ പേപ്പർ നോക്കിയേക്കാം എന്നിട്ട് നിന്റെ വാട്സ്ആപ്പ് നമ്പറി ലേക്ക് മാർക്ക് അയക്കാം ട്ടോ എന്ന് ഒരു ചിരി യോടെ പറഞ്ഞു തിരിഞ്ഞു നടന്നപ്പോഴാണ് “മിസ്സിന് എന്റെ അമ്മയെ അറിയുമോ” എന്നവൻ ചോദിച്ചത്. അതെന്ത് ചോദ്യാടോ ഇന്നലെ കൂടെ ഞാൻ നിന്റെ അമ്മയെ വിളിച്ചതല്ലേ. മകന്റെ പഠനമി കവിനെക്കുറിച്ച് പറയാൻ, ഞാൻ കളിയാക്കി പറ ഞ്ഞപ്പോൾ അവൻ തലതാഴ്ത്തി. ഈ വർഷം പത്താം ക്ലാസിൽ തോൽക്കുന്നത് നിങ്ങളുടെ പുത്രൻ മാത്രമായിരിക്കും എന്നും ഇന്നലെ ഞാൻ പറഞ്ഞിരുന്നു. അല്പം കടുപ്പിച്ച് ഞാൻ പറഞ്ഞ പ്പോൾ അവൻ തിരിഞ്ഞുനടക്കാൻ ഒരുങ്ങി. പിന്നെ അവൻ തിരിഞ്ഞുനിന്ന് “മിസ്സേ എന്റെ അമ്മയുടെ പേര് മനോമണി എന്നാണ്” എന്നു പറയുന്നുണ്ടാ യിരുന്നു. അപ്പോഴേക്കും എട്ട് ബി-യിൽ നിന്നും ഇറ ങ്ങിവന്ന ടീച്ചറിനോടൊപ്പം ഞാനും നടന്നുതുടങ്ങി യിരുന്നു. ഇക്കൊല്ലം രോഹിത് അടക്കം മൂന്നുപേരെ ജയിപ്പിക്കുക എന്നത് എല്ലാ ടീച്ചർമാർക്കും കിട്ടിയ വലിയ ടാസ്ക് ആണ്. അതിൽ രോഹിത് തന്റെ ക്ലാസിലാ ണ്. കാല്പനികത നിറച്ച് കഥപറയാൻ മിടു ക്കനാണ് അവൻ. കൂട്ടി ഒരു വരിപോലും തെറ്റാതെ എഴുതാൻ അറിയില്ല. എല്ലാ വിഷയത്തിലും പത്തിൽ താഴെ മാർക്ക്. അതിൽതന്നെ ചിന്തിച്ചുകൊണ്ടിരുന്നപ്പോ ഴാണ് മിസ്സ് എന്റെ അമ്മയുടെ പേര് മനോ മണി എന്ന അവന്റെ വാക്ക് എന്റെ മനസ്സി ലേക്ക് ഓടിയെത്തിയത്.

‘മനോമണി’, എട്ടാം ക്ലാസിൽ പുതിയ ക്ലാസ്സിലേക്ക് വന്നപ്പോഴാണ് ഫസ്റ്റ് ബെഞ്ചിൽ എന്റെ തൊട്ടടുത്തിരിക്കുന്ന കറുത്തു മെലിഞ്ഞ അവളെ പരിചയപ്പെടു ന്നത്. അവളെ ആർക്കും ഒട്ടും ഇഷ്ടപ്പെട്ടില്ല. അവളെ അറ്റത്തേക്ക് ഇരുത്തി ഇപ്പുറത്തേക്ക് ഇരിക്കാമോ എന്നതായിരുന്നു ജസ്നയുടെ ആവശ്യം. അങ്ങോട്ട് ഇരുന്നാൽ കൊള്ളാ മെന്ന് എനിക്കും തോന്നിയതുകൊണ്ട് അവ ളോട് അകത്തേക്ക് ഇരിക്കാൻ ഞങ്ങൾ മൂന്നുപേരും കൂടെ ആജ്ഞാപിക്കുകയായി രുന്നു. മറുത്തൊന്നും പറയാതെ നിങ്ങിയി രിക്കുന്ന അവളെ ഒറ്റപ്പെടുത്താൻ ഞങ്ങൾ തമ്മിൽ മത്സരമായിരുന്നു പിന്നെ. എല്ലാ ക്ലാസ് ടെസ്റ്റുകളിലും പൂജ്യം മാർക്ക് ആയി രുന്നു അവൾക്ക്. ക്ലാസ്സിൽ നിന്ന് എഴുതുന്ന തൊക്കെ അവൾ കാണാതിരിക്കാൻ മറച്ചു പിടിച്ച് എഴുതലും ഒരു ശീലമായിരുന്നു. നോട്ട് എഴുതുമ്പോൾ ടീച്ചർ വായിച്ചുതരു ന്നത് എഴുതാൻ അറിയാതെ അന്തംവിട്ടിരി ക്കുന്ന അവളെ ചെറുചിരിയോടെ നോക്കു ന്നതും പതിവായിരുന്നു. ഓരോ ദിവസം കഴിയുംതോറും ക്ലാസിലെ കുട്ടികളുടെ പേന നഷ്ടപ്പെടുന്നതും ബുക്ക് കീറുന്നതും ഒക്കെ അവരുടെ തലയിൽ കെട്ടിവയ്ക്കാൻ



ഓരോരുത്തരും മത്സരിക്കുന്നതുപോലെ തോന്നി. കേൾക്കാൻ ആരുമില്ലെങ്കിലും അവൾ വെറുതെ എന്നെ നോക്കി പറയും ഞാൻ ഒന്നും ചെയ്തില്ലെന്ന്.

പ്രത്യേകിച്ച് കാരണങ്ങളൊന്നുമില്ലാതെ ക്ലാസിലെ വെറുക്കപ്പെട്ടവളായി അവൾ തുടർന്നുകൊണ്ടിരിക്കെയാണ് ഓണപ്പരീക്ഷയ്ക്ക് ടൈംടേബിൾ കിട്ടുന്നത്. അതിനു പിറ്റേദിവസം രാവിലെ പഠനകാര്യം അമ്മയോട് പറഞ്ഞുകൊണ്ടിരിക്കെ, മലയാളം മാഷ് കള്ളുകുടിയൻ ആണെന്ന് ആരോ പറഞ്ഞുകേട്ട കഥ അവതരിപ്പിക്കുന്നത്. അത് കേട്ടപാടെ അപ്പോൾ കിട്ടിയ വടിയെടുത്ത് അരയ്ക്കു താഴെ വടി പൊട്ടുന്നതുവരെ അമ്മ അടിച്ചു. സ്കൂളിൽ പോകുന്നത് പഠിക്കാനാണെന്നും മാഷുമാരുടെ കുറ്റം പറയാൻ അല്ലെന്നും പറഞ്ഞായിരുന്നു അടി. ആ വാശിക്കാണ് അമ്മ നിറച്ചുവെച്ച ചോറ്റുപാത്രം എടുക്കാതെ സ്കൂളിൽ പോയത്. ഉച്ചയായി എല്ലാവരും ഭക്ഷണം കഴിക്കാൻ പാത്രം എടുത്തപ്പോഴാണ് ഞാൻ തളർന്നുപോയത്. എനിക്കും വിശന്ന് കുടൽ കരിയാൻ തുടങ്ങിയിരുന്നു. ആരൊക്കെയോ ചോറ് വേണോ എന്ന് ചോദിച്ചിരുന്നു. വേണ്ടെന്ന് പറഞ്ഞപ്പോൾ അവരെല്ലാം കഴിച്ചുതുടങ്ങി.

ബെഞ്ചിൽനിന്ന് എഴുന്നേറ്റ് ജനലിനടുത്ത് പോയി പുറത്തേക്ക് നോക്കിയിരിക്കുമ്പോഴാണ് കയ്യിലാരോ പിടിച്ചത്. തിരിഞ്ഞുനോക്കിയപ്പോൾ മനോമണി. വാ എന്റെ ചോറ് കുറെയുണ്ട് നമുക്ക് കഴിക്കാം എന്ന് പറഞ്ഞ് പിടിച്ചു വലിക്കുന്നു. വേണ്ടെന്ന് ഒരുപാട് പറഞ്ഞിട്ടും അവളുടെ ചോറ്റുപാത്രത്തിന്റെ അടപ്പിലേക്ക് അവൾക്കുള്ളത് എടുത്ത് ബാക്കി എന്നെ നിർബന്ധിച്ച് കഴിപ്പിച്ചു. അന്ന് ഉച്ചയ്ക്ക് ശേഷം ഹരിദാസ് മാഷ് തന്ന കണക്കുകൾ ഞാൻ അവൾക്ക് കൂടെ കാണിച്ചുകൊടുത്തു. അത് നോക്കി അവൾ പകർത്തി എഴുതി. മാഷ് അവളുടെ ബുക്കിലും ചുവന്ന മഷി കൊണ്ട് ശരിയടയാളം വരച്ചപ്പോൾ എന്നെ നോക്കി കരഞ്ഞുകൊണ്ട് അവൾ ചിരിച്ചു.

അന്ന് തൊട്ട് അവളോടുള്ള അകാരണമായ വെറുപ്പിനെ ഞാൻ മായ്ച്ചു തുടങ്ങി. പിറ്റേന്ന് ഡ്രോയിങ് ക്ലാസ്സിൽ വരച്ചുകൊണ്ടിരിക്കുകയാണ്. അവൾക്ക് പഠിക്കാൻ അതിയായ ആഗ്രഹമുണ്ടെന്നും വീട്ടിൽ ആർക്കും അവളെ പഠിപ്പിക്കാൻ അറിയില്ലെന്നും ക്ലാസ്സിൽ നിന്ന് പഠിപ്പിക്കുന്നതൊന്നും അവൾക്ക് മനസ്സിലാകുന്നില്ലെന്നും അവൾ പറഞ്ഞു. പെട്ടെന്ന് രണ്ടും രണ്ടും കൂട്ടാൻ അറിയാത്തതിനെയൊക്കെ എന്ത് ചെയ്യാനാ എന്ന് കണക്കു മാഷ് ഒരിക്കൽ പറഞ്ഞത് എനിക്ക് ഓർമ്മവന്നു. ഡ്രോയിങ് ബുക്കിൽ പെൻസിൽ കൊണ്ട് രണ്ട് വരയും പിന്നെ പ്ലസ് 8 വീണ്ടും രണ്ട് വരയിട്ട് ഇത് കൂട്ടി എഴുത് എന്ന് പറഞ്ഞപ്പോൾ അവൾ അന്തംവിട്ട് എന്നെ നോക്കി. ഒന്നാം ക്ലാസിൽ നിന്ന് അമ്മയെന്നെ ഒന്നേ, രണ്ടേ, മൂന്നേ എന്ന് വിരലിൽ കൂട്ടിക്കാണിച്ചത് പോലെ അവൾക്ക് കാണിച്ചു കൊടുത്തു. ഒന്നാം ക്ലാസ്കാരിയെ പോലെ തന്നെ അവൾ വിരലിൽ കൂട്ടി. ഞാൻ ഇട്ടുകൊടുത്ത കുഞ്ഞുകണക്കുകളെല്ലാം ചെയ്തുകാണിച്ചു. അന്നുമുതൽ ഞാൻ അവളുടെ കൂട്ടുകാരിയും ടീച്ചറും ആയി മാറി. ഉച്ചയ്ക്ക് കിട്ടുന്ന സമയം മുഴുവൻ ഒറ്റവാക്കിൽ എഴുതാവുന്ന ഉത്തരങ്ങൾ എല്ലാം വായിച്ചുകേൾപ്പിച്ചു. പരീക്ഷയ്ക്ക് പൂജ്യം മാർക്ക് വാങ്ങിക്കാതിരിക്കാൻ കൈവിരലും കാൽവിരലും കൂട്ടിയും കുറച്ചും ഗണിച്ചും ഒക്കെ എഴുതാവുന്നതൊക്കെ അവൾ എഴുതി. ആ പ്രാവശ്യം ഹിന്ദിയിൽ ഒഴികെ ബാക്കി ഒന്നിലും അവൾ പൂജ്യം വാങ്ങിയില്ല. അതിൽ അവളോടൊപ്പം തന്നെ ഞാനും സന്തോഷിച്ചു. പക്ഷേ പേപ്പർ കിട്ടി നാലഞ്ചു ദിവസം അവൾ സ്കൂളിൽ വന്നില്ല. അതിനടുത്ത ദിവസം വന്ന അവൾ തന്റെ കല്യാണം നിശ്ചയിച്ചു എന്നും ഇനി പഠിക്കാൻ പറ്റില്ലെന്നും പറഞ്ഞ് തന്നെ കെട്ടിപ്പിടിച്ച് കരഞ്ഞു. ഞാനൊന്നും പറയാതെ നിന്നതോർക്കുന്നു. അവളെ ആശ്വസിപ്പിക്കാനുള്ള അറിവ് പോലും അന്ന് എനിക്കുണ്ടായിരുന്നില്ലെന്ന് വേണം കരുതാൻ. 13 വയസ്സിൽ കല്യാണം കഴിഞ്ഞ തന്റെ മനോമണിയുടെ മകനായിരിക്കുമോ രോഹിത്, പെട്ടെന്നു തന്നെ അവന്റെ പേപ്പർ എടുത്തുനോക്കി. അതെ അന്ന് തന്റെ കുഞ്ഞ് അറിവിൽ നിന്ന് പകർന്നുകൊടുത്ത പൊടിക്കൈകൾ ഒക്കെ ആ പേപ്പറിൽ ഉണ്ട്. കണക്കിൽ അമ്പതിൽ 18 മാർക്കവൻ നേടിയിരിക്കുന്നു. രോഹിത്തിന്റെ കാര്യത്തിൽ ഇനി താൻ ടെൻഷനടിക്കേണ്ടതില്ല എന്നോർത്തപ്പോൾ അവൾക്ക് അഭിമാനം തോന്നി. നീണ്ട വർഷങ്ങൾക്കിപ്പുറവും അവളെ ഓർത്തിരിക്കുന്ന കൂട്ടുകാരിയെ കാണാൻ അതിയായ ആഗ്രഹവും.



വിജു അബ്രഹാം
(ഓഫീസ് സ്റ്റാഫ്)

# കെടാവർണ്ണങ്ങൾ

ഒരു രാത്രി ഇരണ്ടു വെളുത്തപ്പോൾ
ജീവിതത്തിൻ വർണ്ണങ്ങൾ മറഞ്ഞു പോയവരെത്രയെന്നോ?
അങ്ങ് ഹിരോഷിമയിൽ അന്ന'തണുവർഷ'മെങ്കിൽ
ഇങ്ങു ചൂരൽമലയിലിന്നതു 'പ്രകൃതിവർഷ'മത്രെ.

ഒരു രാത്രി ഇരണ്ടു പുലർന്നപ്പോൾ
ജീവിതത്തിൻവർണ്ണങ്ങൾ സ്വയം വെടിഞ്ഞവരെത്രെയന്നോ
പട്ടിൻ തിളക്കത്തിൽ നിന്നും കാവിയുടെ മങ്ങലിലേയ്ക്ക് നടന്ന സന്യാസിയും
വെള്ളസാരിയിൽ നീല വർണ്ണങ്ങൾ തുന്നിച്ചേർത്ത് കൽക്കട്ടയിൽ
അഗതികൾക്കായ്, വർണ്ണങ്ങൾ തുന്നിച്ചേർത്തൊരമ്മയും
രോഗികൾക്കായ്, മുറിവേറ്റ സൈനികർക്കായ്
വെളിച്ചം ചിന്തിയ രാപ്പാടിയും
രണ്ടു ചേലകളില്ലാത്ത സോദരിക്കായ് വസ്ത്രം വെടിഞ്ഞ്
പിന്നെ നാടിനായ് അഹിംസയോതി ഹിംസിക്കപ്പെട്ടവനും
പേരറിയാതെ, നാടറിയാതെ നിസ്വാർത്ഥ വർണ്ണങ്ങൾ അണിഞ്ഞവരും

സ്വയം വർണ്ണമില്ലാതിരുന്നിട്ടും ജീവിതവർണ്ണങ്ങൾ വരച്ചു
ചേർത്തവരെത്രയാന്നോ
ഒരു നിറവും കാണാതെ, ഒരു ശബ്ദവും കേൾക്കാതെ,
ജീവനിൽ നിറം ചേർത്ത ഹെലൻ
സ്വയം കരയുമ്പോഴും, കോമാളി വർണ്ണങ്ങളണിഞ്ഞ് നമ്മെ
ചിരിവർണ്ണങ്ങളണിയിച്ച ചാപ്ലിൻ

നമിച്ചിടുന്നിതാ നിങ്ങൾതൻ കെടാവർണ്ണങ്ങളെയെന്നും ഒപ്പം
പ്രാർത്ഥിച്ചിടുന്നു, വർണ്ണമേകാൻ കഴിഞ്ഞില്ലെങ്കിലും ആരുടേയും
ജീവവർണ്ണങ്ങളിൽ കരിവാരിത്തേക്കുവാൻ ഞങ്ങൾ ഹേതുവാകാതിരിക്കട്ടെ.



# പ്രിയതോഴി

പുത്തനങ്ങാടി സെന്റ് ജോസഫ്സ് സ്കൂളിൽ പഠിക്കുവാൻ വീണ്ടും അവസരം ലഭിച്ചതിന്റെ സന്തോഷവും അമ്പരപ്പുമായി നാലാം ക്ലാസിൽ സി ഡിവിഷനിലാണ് ഞാൻ ചെന്നെത്തിയത്. പുതിയ കുട്ടികളെ കണ്ട് അമ്പരന്നു നിൽക്കുമ്പോഴാണ് നിഷ്കളങ്കമാർന്ന മുഖവുമായി ചിരിച്ചുകൊണ്ട് അവൾ ഓടിവന്നത്. ശിഖ... അതായിരുന്നു അവളുടെ പേര്.

ആരെയും ആകർഷിക്കുന്ന സ്വഭാവമായിരുന്നു ശിഖയുടേത്. അതിനാൽതന്നെ ശിഖ എല്ലാ അധ്യാപകരുടെയും കണ്ണിലുണ്ണിയായിരുന്നു. എപ്പോഴും പുഞ്ചിരിച്ച മുഖമായിരുന്നു ശിഖയുടേത്. അധ്യാപകർക്ക് മാത്രമല്ല ഞങ്ങൾക്കെല്ലാവർക്കും അവൾ പ്രിയ കൂട്ടുകാരിയായിരുന്നു.

ശിഖയുമായുള്ള എന്റെ സൗഹൃദം വളരെ വേഗത്തിൽ വളർന്നു. ഞങ്ങൾ ഒരുമിച്ച് ഭക്ഷണം പങ്കുവെച്ചതും, ഡാൻസ് ക്ലാസിൽ അമ്മയും കുട്ടിയും കളിച്ചതും എല്ലാം ഇന്ന് വെറും ഓർമ്മകൾ മാത്രമാകുന്നു. അവളുടെ വടിവൊത്ത കൈയ്യക്ഷരം എന്നെ എന്നും അത്ഭുതപ്പെടുത്തിയിരുന്നു.

സ്കൂളിലെ ആഘോഷങ്ങൾ എന്നും ഞങ്ങൾ കുട്ടികൾക്ക് പ്രിയപ്പെട്ടതായിരുന്നു. ഓണാഘോഷ പരിപാടികൾക്കായി ഞങ്ങൾ കാത്തിരുന്നു. അതിന് കാരണം അന്ന് കളർ ഡ്രസ്സ് ഇടാം എന്നതായിരുന്നു. സെപ്തംബർ പതിമൂന്നിനായിരുന്നു ആ ദിവസം. അന്ന് ഞങ്ങൾ പൂമ്പാറ്റകളെ പോലെ വർണ്ണശബളമായ പുത്തൻ ഉടുപ്പുകൾ ഇട്ടാണ് എത്തിയിരുന്നത്. ഞാനും ശിഖയും അന്ന് ഒരുപാട് കളിച്ചു. പച്ചനിറത്തിലുള്ള ലാച്ചയായിരുന്നു അവൾ അണിഞ്ഞിരുന്നത്. അന്ന് ഞങ്ങൾ അറിഞ്ഞിരുന്നില്ല ഞാനും അവളും ഞങ്ങളുടെ പ്രിയ കൂട്ടുകാരും തമ്മിലുള്ള അവസാനത്തെ ആഘോഷം ആകും അതെന്ന്.

ഓണാവധി കഴിഞ്ഞ് പതിവുപോലെ സ്കൂൾ തുറന്നു. ഞാൻ എന്റെ കൂട്ടുകാരിയെ ക്ലാസ്സിൽ എല്ലാം തിരഞ്ഞു. അവൾ അവധിയിലായിരുന്നു. അടുത്ത ദിവസങ്ങളിൽ പരീക്ഷയായതിനാൽ പഠിപ്പിന്റെ തിരക്കിലായിരുന്നു ഞങ്ങൾ. ശിഖ മുടങ്ങിയതിന്റെ കാരണം തിരക്കിയതും ഇല്ല. പരീക്ഷകൾ ഏതാണ്ട് അവസാനിക്കാറായപ്പോൾ ഞങ്ങളുടെ ക്ലാസ് ടീച്ചർ പറഞ്ഞു, “ശിഖക്ക് പനിയാണ്. പനി കുറച്ച് കൂടുതലാണ്. നിങ്ങളെല്ലാവരും പ്രാർത്ഥിക്കണം.”

എന്തോ പരീക്ഷകൾ കഴിയുന്നതിന്റെ സന്തോഷമൊന്നും

**അനുശ്രീ എം. സുധീഷ്**
IV-C

പതിവുപോലെ അന്നെ നിക്ക് ഉണ്ടായില്ല. അവസാനത്തെ പരീക്ഷയുടെ അന്ന് ടീച്ചറുടെ മുഖത്ത് വലിയ സങ്കടത്തിന്റെ നിഴൽ കാണപ്പെട്ടു. ടീച്ചർമാരെ കാണുമ്പോൾ കരഞ്ഞതുപോലെയും തോന്നി. സുമാമിസ്സിന്റെ കണ്ണുകൾ കരഞ്ഞു കലങ്ങിയിരുന്നു. എന്തോ മനസ്സിന് വല്ലാത്ത ഒരു വിഷമം തോന്നിയിരുന്നു. അതിനിടയിൽ ഏതോ ചേച്ചിമാർ പറഞ്ഞുകേട്ടു ശിവ ഇനിയില്ല. ഈ ലോകത്ത് നിന്ന് അവൾ വിടപറഞ്ഞിരിക്കുന്നു. കുറച്ച് കഴിഞ്ഞപ്പോൾ ഫാദറിന്റെ അനൗൻസ്മെന്റും വന്നു.

എനിക്കെന്താണ് പറയേണ്ടതെന്ന് അറിയാതെ തരിച്ചിരുന്നു. ഞങ്ങളെല്ലാവരും പൊട്ടിക്കരഞ്ഞു. ഞങ്ങളെ ആശ്വസിപ്പിക്കാനാകാതെ ഞങ്ങളുടെ ടീച്ചർമാരും. നിറഞ്ഞ കണ്ണുകളോടെയും തകർന്ന മനസ്സുകളോടെയും ഭക്ഷണം കഴിക്കാനാകാതെ ചോറുപാത്രം അടച്ചുവെച്ചു. വേർപാടിന്റെ വേദനയോടെ ആ ദിവസങ്ങൾ അടർന്നുവീണു.

ഇന്നും ഓർക്കുമ്പോൾ അവളുടെ സ്നേഹം, ഞാനും ശിവയും കൂടിയുള്ള ഓർമ്മകൾ എന്നെ നൊമ്പരപ്പെടുത്തുന്നു. ഞങ്ങൾക്കൊപ്പം ഇന്നും ഞങ്ങളുടെ പ്രിയകൂട്ടുകാരി ഉണ്ടെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്.

# മാനസം

**മഞ്ജുള. എ.കെ**
(മലയാളം വിഭാഗം)

അറിയാതെ കാതോർത്ത നേരത്തു
ഞാൻ കേട്ട-
നിലവിളി എന്നെ നടുക്കാത്തെന്തേ?
കനൽക്കട്ടപോലുള്ള എന്റെ മനസ്സിനെ
പേമാരിപോലും അണയ്ക്കാത്തെന്തേ?
കൊടുങ്കാറ്റിനുപോലും കെടുത്താൻ കഴിയാത്ത
ദീപനാളമായതെന്തെൻ മനസ്സ്
എങ്കിലും അസ്വസ്ഥമാമെൻ മനസ്സേ
ശാന്തമാവുക... കരങ്ങൾക്കു ശക്തിയേകുക
എന്നെ തളർത്താതിരിക്കുക.



# ടോമി കുട്ടൻ

**അദ്വിക് അശ്വിൻ**
I-A



ഞങ്ങൾക്കുണ്ടൊരു ടോമിക്കുട്ടൻ
കാവൽക്കാരൻ ടോമിക്കുട്ടൻ
കുസൃതി കാട്ടും ടോമിക്കുട്ടൻ
വെള്ളനിറത്തിൽ ടോമിക്കുട്ടൻ
വാലാട്ടി കൂടെ വരും
ഞങ്ങളുടെ കുട്ടൻ ടോമിക്കുട്ടൻ

# ഞങ്ങളും പരീക്ഷിച്ചു
# മൈക്രോഗ്രീൻ

അനൻരാജ്. എ
VI-A

മൈക്രോഗ്രീൻ പച്ചക്കറി കൃഷിരീതി ഇപ്പോൾ നല്ല ഒരു ട്രെൻഡ് ആയിമാറിക്കൊണ്ടിരിക്കുകയാണ്. പച്ചക്കറികളുടെ ചെറിയ തൈവിത്തുകളെയാണ് മൈക്രോഗ്രീൻ പച്ചക്കറി എന്ന് പറയുന്നത്. വിത്ത് മുളച്ച് ഒരാഴ്ചയ്ക്കുള്ളിൽ തന്നെ ഉപയോഗിക്കാവുന്ന അവസ്ഥയിലേക്ക് ഇത് എത്തുന്നുണ്ട്. ഗുണം മാത്രമല്ല രുചിയുടെ കാര്യത്തിലും ഇത് മുന്നിൽ തന്നെയാണ്. മൈക്രോഗ്രീൻ രണ്ട് ചെറിയ ബീജപാത്രങ്ങളും നീളംകുറഞ്ഞ ഒരു തണ്ടും ആദ്യത്തെ തളിരിലകളും ചേർന്നതാണ്.

കൃഷിസ്ഥലമോ രാസവളമോ വളക്കൂടുകളോ വേണ്ട. നമുക്ക് ആവശ്യമായ പോഷകസമ്പുഷ്ടമായ പച്ചക്കറി വീട്ടിലോ ഫ്ളാറ്റിലോ ജനൽപടിയിലോ ബാൽക്കണിയിലോ വളർത്താം. ഏതു വിത്ത് വേണമെങ്കിലും മൈക്രോഗ്രീനായി തയ്യാറാക്കാവുന്നതാണ്. അതിനായി ചെറുപയർ, ധാന്യങ്ങൾ, ചീരവിത്തുകൾ എന്നിവയെല്ലാം മൈക്രോഗ്രീൻ ആക്കി മാറ്റിയെടുക്കാവുന്നതാണ്. വിത്ത് മുളച്ചുകഴിഞ്ഞ് ഒരാഴ്ചയ്ക്കുശേഷം തന്നെ നമുക്ക് ഇത് പാചകം ചെയ്യാനായി എടുക്കാവുന്നതാണ്. ഇത് നമുക്ക് കറിവെച്ചോ അല്ലാതെയോ കഴിക്കാം.

അതുകൊണ്ടുതന്നെ ഞാനും എന്റെ കൂട്ടുകാരും കൂടി ഞങ്ങളുടെ അധ്യാപികയായ ബിന്ദു ആന്റണി മിസ്സിന്റെ നേതൃത്വത്തിൽ മൈക്രോഗ്രീൻ പച്ചക്കറി പരീക്ഷിക്കാൻ തീരുമാനിച്ചു. ഞങ്ങളെല്ലാവരും അതിന് ആവശ്യമുള്ള സാധനങ്ങൾ വീട്ടിൽനിന്ന് കൊണ്ടുവന്നു. മൈക്രോഗ്രീന് ആവശ്യമുള്ള സാധനങ്ങൾ- ചെറുപയർ, തരിപ്പ, വെള്ളം, സ്പ്രെയർ, പാത്രം. ആദ്യം തന്നെ ചെറുപയർ വൃത്തിയായി കഴുകി അതിലെ വെള്ളം ഒഴിച്ച് കളയണം. പിന്നെ പാത്രത്തിന്റെ മുകളിൽ തരിപ്പ് വെച്ച് അതിൽ കുതിർത്ത ചെറുപയർ വിതറി താഴെ വെച്ചിരിക്കുന്ന പാത്രത്തിൽ പകുതിയിലേറെ വെള്ളം നിറച്ച് അതിനു മുകളിലായി തരിപ്പ വെച്ച് അതിൽ കഴുകിവെച്ച ചെറുപയർ നിരത്തി ഇട്ടു. അതിനുശേഷം ദിവസത്തിൽ രണ്ടോ മൂന്നോ തവണ സ്പ്രേയർ ഉപയോഗിച്ച് ചെറുപയറിൽ സ്പ്രേ ചെയ്തുകൊടുത്തു. ചെറുപയർ ദിവസംതോറും മുളച്ച് വരുന്നത് ഞങ്ങൾ കണ്ടു. അത് കണ്ടപ്പോൾ ഞങ്ങൾക്കുണ്ടായ സന്തോഷം വാക്കുകൾക്കതീതമായിരുന്നു. ഒരാഴ്ചയ്ക്കുശേഷം വിളവെടുത്ത ചെറുപയർ ചെടികൾ ഞങ്ങൾ വീട്ടിലേക്ക് കൊണ്ടുപോയി പാകം ചെയ്തു. അങ്ങനെ ഞങ്ങളും കുട്ടികർഷകരായി.



# മനസ്സിലേക്ക് പടരുന്ന വേനൽ

അമൃത എസ്. നായർ
XI

ലത വാതിൽ തുറന്ന് വീടിനുള്ളിലേക്ക് കയറി. ആ ദിവസത്തെ ജോലിഭാരം അവളെ നന്നേ ക്ഷീണിതയാക്കിയിരുന്നു. തണുത്ത വെള്ളത്തിൽ ഒന്ന് കുളിച്ച ശേഷം അവൾ ഒരു കട്ടൻ ഇട്ട് വീടിന്റെ പുറത്തിറങ്ങി. അവിടെ ചുരുക്കം ചില വീടുകൾ മാത്രമേ ഉള്ളൂ. വലിയ ഒരു തൊടിയുടെ നടുക്കാണ് ലതയുടെ കൊച്ചു സ്വർഗം. ഇത് ഡോക്ടർ ലത. സ്നേഹിച്ച ആൾക്കുവേണ്ടി വീട്ടുകാരെ ഉപേക്ഷിച്ച് ഇറങ്ങിയതാണ്. ഒരു കുഞ്ഞിനെ തന്റെ ഭാര്യക്ക് തരാൻ കഴിയില്ലെന്ന സത്യം തിരിച്ചറിഞ്ഞ് ഭർത്താവ് ഉപേക്ഷിച്ച ഒരു യുവതി. രാത്രിയിലെ ചൂടുകാറ്റ് അവളെയൊന്ന് തഴുകിപ്പോയി. അപ്പോഴാണ് പുറകിലെ കുറ്റിച്ചെടികളുടെ ഇടയിൽനിന്ന് ഒരു ഞരക്കം കേൾക്കുന്നത്.

ലത ടോർച്ച് എടുത്ത് അവിടേക്ക് നടന്നു. ഭയം എന്നൊരു വികാരത്തിന് അവളെ കീഴ്പ്പെടുത്താൻ സാധിച്ചില്ല. അവിടെ അതാ ഒരു പെൺകുട്ടി. 20 വയസ്സ് പ്രായം തോന്നിക്കും. വെളിച്ചം കണ്ടപ്പോൾ കീറിപ്പറഞ്ഞ വസ്ത്രങ്ങൾകൊണ്ട് ശരീരം മറക്കാൻ പാടുപെടുകയാണ്. ലത അവളെ അപ്പോൾ തന്നെ ആശുപത്രിയിലേക്ക് എത്തിച്ചു. നാലുദിവസം കഴിഞ്ഞ് ആ കുട്ടി കണ്ണുമിഴിച്ചു. കഴിഞ്ഞുപോയത് ഓർമ്മിപ്പിച്ച അവളെ കുത്തിനോവിക്കാൻ കേരള പോലീസ് അവിടെ തന്നെ ഉണ്ടായിരുന്നു. ആ സാധുവിന്റെ നിസ്സഹായ അവസ്ഥ കണ്ട് ലത പോലീസിനോട് തിരിച്ചുപോകാൻ ആവശ്യപ്പെട്ടു. അതിനുശേഷം ലത അവളുടെ അടുത്ത് പോയിരുന്നു. അവളുടെ അവസ്ഥ കണ്ടിട്ട് എന്നോ തന്നെ വിട്ടുപോയ കണ്ണുനീർ ലതയിൽ നിന്ന് ഒന്ന് ഇറ്റി. ലത പതിയെ ആ കുട്ടിയുടെ തലയിൽ ഒന്നു തലോടി. അവൾ നന്നേ പേടിച്ചിട്ടുണ്ട്. മോളുടെ പേരെന്താ? പതിയെ ലത ചോദിച്ചു. മറുപടി കിട്ടിയില്ല. ലത ആ ചോദ്യം പിന്നെയും ആവർത്തിച്ചു. അവൾ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു, “മിഴി”.



ലത ഒന്നു ഞെട്ടി. ഒരിക്കൽ തന്റെ ഉദരത്തിൽ മൊട്ടിട്ട പൊന്നോമനയ്ക്ക് കരുതിവെച്ചിരുന്ന പേര്. ലതയുടെ കണ്ണുനീർ ചാലിട്ട് ഒഴുകാൻ തുടങ്ങി. ഒരാഴ്ച പെട്ടെന്ന് നീങ്ങി. ലത മിഴിയെ സ്വന്തം മോളെ പോലെ നോക്കി. മിഴിക്കും ലത ഒഴികെ ബാക്കിയുള്ളവരെ ഭയമായിരുന്നു. മിഴി തന്റെ ജീവിതം അവളുടെ ഡോക്ടർ അമ്മയുടെ മുന്നിൽ തുറന്നുകാട്ടിയിരുന്നു. ജനിച്ചപ്പോൾ അമ്മയെ നഷ്ടപ്പെട്ട അവൾക്ക് അച്ഛനായിരുന്നു ലോകം. പിന്നീട് നാട്ടുകാരുടെയും വീട്ടുകാരുടെയും നിർബന്ധത്തിനു വഴങ്ങി

അച്ഛൻ അവൾക്ക് രണ്ടാനമ്മയെ കൊണ്ടുകൊടുത്തു. അവൾ കോളേജിൽ പഠിക്കുമ്പോൾ അച്ഛനെയും നഷ്ടപ്പെട്ടു. പിന്നെ അവൾ ചിരിച്ചിട്ടില്ല. സന്തോഷിച്ചിട്ടില്ല. ഒടുവിൽ രണ്ടാനമ്മ അവളുടെ കല്യാണം ഉറപ്പിച്ചു. മറ്റൊരുതരത്തിൽ പറഞ്ഞാൽ കച്ചവടം ഉറപ്പിച്ചു. അയാളുടെ കൂടെ നിർബന്ധിച്ച് പറഞ്ഞയച്ചതാണ് അവളെ. അയാൾ അന്ന് തന്റെ കൂട്ടുകാരുടെ മുന്നിൽ ഒരു കാഴ്ചവസ്തു ആക്കാനായിരുന്നു കൊണ്ടുപോകുന്നതെന്ന് അവൾ അറിഞ്ഞിരുന്നില്ല. അതുവഴി പോയ ആംബുലൻസിന്റെ സൈറൺ പോലീസിന്റേതാണെന്ന് തെറ്റിദ്ധരിച്ചാണ് അവളെ അവർ അന്ന് അവിടെ ഉപേക്ഷിച്ചു പോയത്. ലത ഒരു ദീർഘനിശ്വാസം എടുത്തു. ഇന്നത്തെ സുപ്രഭാതത്തിൽ ലത തന്റെ വളർത്തുമകനായ കാശിയോട് സംസാരിച്ചു.

ലത: "മോനെ കാശി, നിന്നെ എനിക്കറിയാം. അവൾ പാവമാണ് നീ അവളെ നന്നായി നോക്കണം."

കാശി: "അമ്മയ്ക്ക് ഈ കാശിനാഥൻ തരുന്ന വാക്കാണ്. അവളെ ഞാൻ പൊന്നുപോലെ നോക്കും."

ലത തന്റെ സ്വന്തം മോനെപോലെ കാണുന്ന കാശിനാഥനെ ലതയ്ക്ക് വിശ്വാസമായിരുന്നു. ലത കാശിക്ക് ഒരു ചെറിയ പെട്ടിയും പുസ്തകവും കൊടുത്തു. ലത: "ആമിയുടെതാണ്. അവൾ എനിക്ക് പോലും വായിക്കാൻ തന്നിട്ടില്ല. പക്ഷേ നീ ഇത് വായിക്കണം."

കാശി അവരെ നോക്കി ഒരു ചെറുപുഞ്ചിരി സമ്മാനിച്ച് അവിടുന്ന് പോയി. ഞാൻ ചെയ്യുന്നത് ശരിയാണെന്ന് ലതയ്ക്ക് തോന്നി.

ആശുപത്രിയിൽവെച്ച് പരിചയപ്പെട്ടതാണ് കാശിയെ. കാശിനാഥൻ ഐ.പി.എസ്. പൊതുവെ ദേഷ്യക്കാരനാണ് പക്ഷേ ഒരിക്കൽ കുത്തേറ്റ കാശിയെ രക്ഷിച്ചത് അവന്റെ ലതാമ്മയാണ്. അനാഥനായ കാശിക്ക് ലത സ്വന്തം അമ്മ തന്നെയായിരുന്നു.

രണ്ടാഴ്ചയ്ക്കുശേഷം മിഴിയെ ലത തന്റെ വീട്ടിലേക്ക് കൊണ്ടുവന്നു. അവളുടെ കാര്യം പറഞ്ഞു. അവളെ ഉപദ്രവിച്ചവരെ പിടിക്കാൻ കഴിയാണ് സഹായിച്ചത്. ആദ്യത്തെ മിഴിക്ക് രാഷ്ട്രീയ പേടിയായിരുന്നു. പിന്നീട് അത് മാറി. ഇപ്പോൾ മിഴി അവളുടെ ഡോക്ടർ അമ്മയുടെ കൂടെ കൂടിയിട്ട് നാലുവർഷം പിന്നിട്ടു. അവൾ അവളുടെ മുടങ്ങിയ പഠിത്തവും പൂർത്തിയാക്കി. ഇപ്പോൾ മിഴി പഴയ മിഴിയല്ല. ആൾക്ക് കുറച്ചു കുറുമ്പും കൂടിയിട്ടുണ്ട്. ഒന്നോ രണ്ടോ വാക്കു മാത്രം സംസാരിച്ചിരുന്ന കാശിയും ഇപ്പോൾ കണ്ടാൽ അടിയാണ്. അതിനിടയ്ക്ക് എപ്പോഴാണ് കാശിക്ക് വലിയ ഇഷ്ടമായത്. അത് അവൻ ആദ്യം ലതയോടാണ് പറഞ്ഞത്. പിന്നീട് ലതയിൽനിന്ന് അവളുടെ ജീവിതം കേട്ടപ്പോൾ ഇഷ്ടം കൂടിയിട്ടേയുള്ളൂ. കാശി തന്റെ വീട്ടിലെത്തി മിഴിയുടെ ഡയറി വായിച്ചുനോക്കി. ആ പെൺകുട്ടി അനുഭവിച്ചത് മുഴുവനും അതിൽ ഉണ്ടായിരുന്നു. അവന് കൊച്ചുപെട്ടി തുറന്നുനോക്കി.

അവന്റെ കണ്ണുകൾ വിടർന്നു. പിറ്റേ ദിവസം. മിഴി: "അമ്മേ...., എന്റെ പുസ്തകവും കുഞ്ഞുപെട്ടിയും കണ്ടോ?". മിഴി കാറിപ്പൊളിക്കുകയാണ്. ലത: "അവിടെയെവിടെയെങ്കിലും കാണും കുട്ടി" കള്ളത്തരം മറച്ചുപിടിച്ച ലത പറഞ്ഞു. മിഴി പിന്നെയും എന്തൊക്കെയോ പറയുന്നുണ്ട്. "എന്താടി മിഴി ഇങ്ങനെഒച്ചയിടുന്നേ" കാശി മുറിയിലേക്ക് കയറിക്കൊണ്ട് ചോദിച്ചു.

പിന്നെ ഒരു ഓട്ടം ആയിരുന്നു. രണ്ടിന്റെയും ഓട്ടം നിന്നത് പൂന്തോട്ടത്തിൽ ആയിരുന്നു. മിഴി വാശിപിടിച്ചു. കാശി ഒരു വലിയ പെട്ടിയും എടുത്ത് അവൾക്ക് കൊടുത്തു. എന്തോ പറയാൻ തുടങ്ങിയ മിഴി അതിലെ കിലുക്കം കേട്ട് നിശബ്ദയായി. അവൾ അത് തുറന്നുനോക്കി. ഒരു ചിലങ്കയാണ്. അവൾ സന്തോഷംകൊണ്ട് കാശിയെ കെട്ടിപ്പിടിച്ചു. "ഈ സ്വപ്നത്തിന് എന്നെയും കൂടെ കൂട്ടുമോ?" അവൻ ചോദിച്ചു. അവൾ കരഞ്ഞുകൊണ്ട് ചിരിച്ചു തലയാട്ടി. കാർമേഘം മൂടിക്കിടന്ന അവളുടെ മനസ്സിലേക്ക് പുതുവേനൽ പടർന്നു. അവരെ നോക്കി സന്തോഷത്തോടെ നീർമുത്തു പൊഴിച്ച് ലതയും. വേനലിൽ പൂത്ത പൂക്കൾ ആ അമ്മയുടെയും മക്കളുടെയും സ്നേഹത്തിന് സാക്ഷിയായി സുഗന്ധിച്ചുകൊണ്ടിരുന്നു.

# खुशी: जीवन के रंग

खुशी जीवन का सबसे महत्वपूर्ण पहलू है। यह हमारे जीवन को अर्थ और उद्देश्य प्रदान करती है। खुशी एक ऐसी भावना है जो हमें जीवन की सच्ची खूबसूरती को अनुमती देती है।

खुशी के स्त्रोत विभिन्न हो सकते हैं। कुछ लोगों को खुशी अपने परिवार और दोस्तों के साथ समय बिताने से मिलती है, जब कि अन्य लोगों को खुशी अपने शौक और रुचियों को पूरा करने से मिलती है।

खुशी के लिए हमें अपने जीवन मे सकारात्मकता और आशीर्वाद को अपनाना चाहिए। हमे अपने जीवन की छोटी-छोटी खुशियों को पहचानना और उनका आनन्द लेना चाहिए।

खुशी एक व्यक्तिगन एक व्यक्तिगन अनुभव है, और यह हमारे जीवन को समृद्ध और अर्थपूर्ण बनाती है।



**Isha Hilal**
VI-C



# ईमानदार

ईमानदार व्यक्ति अपने जीवन मे तरक्की पाते हैं और दूसरों को ईमानदार बनने के लिए प्रोत्साहित करते हैं। इमानदारी से न सिर्फ किसी का भरोसा जीता जा सकता है, बल्कि किसी भी रिश्ते को मजबूत और आत्मनिर्भर बना सकते हैं।



**Mekhna. S**
IX



# दोस्ती- एक रिश्ता अपनापन का

मनों का मिलन है दोस्ती। इसे किसी भी ताकत से नष्ट नहीं किया जा सकता ह। एक मजबूत बंधन है।

मेरी जीवन मे मेरी पास भी एक ऐसा मजबूत बंधन था, जिससे मैं एक अच्छी इंसान बनी। यह एक अटूट बंधन है, इसने मुझे आज तक अपना रास्ता, लक्ष्य और सफलता खोजने में मदद मिली। हम दोनों एक दूसरे को पढ़ाते थे। भले ही हम दोंनों एक दूसरे को अच्छी तरह से जानते थे। जिस स्कूल मे हम पढ़ रहे थे, उस वजह से हम दोंनों को मिलने का मौका मिला था। वहाँ से जो शिक्षा मिली थी, उससे हमे अपनी दोस्ती बनाये रखने मे मदद मिली। इसलिए स्कूल ही इस अटूट बंधन की गली है।



**Archana. M**
VIII-A

**Agneya Sreemod. A.P**
IV-B

# प्यारी तितली

तितली तितली तितली,
प्यारी प्यारी तितली
काली पीली तितली,
उड़ती भिरति तितली
मधु पीने आई
मेरी प्यारी तितली



# अटूट बंधन



Chinmayi Varma. N.K
VII-C

दोस्ती एक ऐसा रिश्ता है जो हमारे जीवन को सार्थक और आनंदमय बनाता है। दोस्ती की सबसे बड़ी खूबसूरती यह है कि यह किसी भी प्रकार की की भेद भाव नहीं मानती। दोस्ती हमें जीवन के हर मोड़ पर साथ देती है। दोस्ती के फायद  अनगिनत है थ्लेकिन दोस्तो को बनाये रखने के लिए हमे प्रयास करना होती है। आज के समय मे दोस्ती का महत्त्व और भी बढ़ गया है। हमारे जीवन मे इतनी व्यस्तता है कि हम अपने परिवार और दोस्तों के साथ समय नहीं बिता पाते। लेकिन दोस्ती को मजबूत बनाने के लिए हमे समय निकालना होता ह।

अंत में दोस्ती जीवन का एक अनमोल खजाना है। यह हमें खुशी देती है, और हमें जीवन के हर पल को जीने की ताकत देती हैं।



# सच्ची मित्र

मित्र वही सच्ची है,
जो बुरी वक्त काम आए।
सच्ची मित्र है वही,
जो सदा सत्य का मार्ग दिखाए।
अंधेरे हुई जीवन में
रोशनी चलाने वाली मित्र है सच्ची
मित्र वही सच्ची है
जो निराश को दूर भगाय।



Shan Mohammed
VII-B



# गुब्बारे के रंग

एक गुब्बारे मे कई रंग होते हैं। हमारे जीवन के विभिन्न चरणों को इन रंगों के माध्यम से व्यक्त किया जा सकते है। जैसे अब मेरे जीवन मे अधिक खुशी होने के कारण एक पीला गुब्बारे के जैसे हैं। हमारे जीवन के अंत तक हम कई रंगों को अनुभव करेंगे। क्यों कि जीवन उतार- चढ़ाव से भरा हुआ है। कुछ दिन ज्वलंत और रोमांचक होते हैं तो कुछ मौन और चिंतन शील होते हैं। गुब्बारे के तरह जीवन क्षण में फूटा भी जा सकता है। अतः जीवन तो क्षणभंगुर है।



**Arjun. A**
VIII-B

# सर्दी आई

वर्षा बीती, सर्दी आई,
लाओ कंबल और रजाई।
स्वेटर की भी बारी आई,
गरम चाय सबका मन भाई।
गरम खाने, खाने को पाई
पानी गरम नहाने को पाई
खूब सुहानी लगती धूप,
सूरज का है बदला रूपा।
हो गया है लापता....
हमारा सूरज...।



**Hrithika**
V-A

# जीवन के रंग

**Fain Jo Babu**
XI

जीवन के रंग है बिखरे, हर पल की एक कहानी,
सूरज की किरणें सुनहरी, चाँद की चाँदनी रानी,
हर रंग मे छिपा है जादू, हर रंग मे है खुशी,
हर दिन नई उम्मीदें लाए, हर रात मे हो सखी।
आसमान का नीलारंग, मन मे लाता शांति,
हर रंग की बात निराली है जीवन की अपनी संजीवनी।

भिन्न- भिन्न लोग बनते, जीवन के रंगीन पैमाने,
किसी की हंसी मे छिपा, किसी की आँखों मे सवाने।
दोस्ती की हसीन रंगत, प्रेम का हो उजाला,
हर दिल मे बसी उम्मीद, जैसे बहारों का माला,
कभी मुस्कान से छू लो, किसी का उदास चेहरा,।
तो रंग बि रंगे पल बन जाएं, जीवन मे आये नया पहरा।

हम भी बन सकते हैं रंग, किसी के जीवन मे प्यारे,
एक छोटा सा शब्द, एक मीठे से सहारे।
साकारात्मकता की आभा, छू ले जब किसी को,
तब जीवन के रंगों मे, हो जाए एक नया जोश।
संग मे बांटे खुशी, दुःख मे बने साथी,
इसी तरह फैलाएं हम, प्यार के रंगों की लतीफ।

जीवन को रंगीन बनाये, रंगीन बनाये, छोटे छोटे ख्वाबों से,
संगीत, कला, और प्रेम, भरे हर साज़ो से,
प्रकृति की खूबसूर मे, मिलाए हम हर रंग,
हर दिन की शुरूआत करें, उम्मीदों के संग।
साकारात्मक सोच से भरें, मन का हर एक कोना,
जीवन के रंगों से सजाये, हर पल का ये जाना।





**Mayukha Binoy**
VII-B

# मन में रंग

यू तो हर रंग अपने लिए कुछ कहता है,
पर काला या सफेद कुछ न कहकर भी
बहुत कुछ कहा जाता है।
यहाँ और रंग भी है
जो अपनी दुनिया बनाते हैं,
इन्हें समझने का एक अलग ही मज़ा है।।

मन मे रंग नहीं है तो जीवन में भी रंग नहीं होता है।
मन को जो रंग दिया जायेगा, वो
जीवन में भी उतर आयेगा।
जीवन के रंग बहुत सुंदर है,
इसे महसूस करने में
कभी असफल न हो।।

# जिंदगी

जिंदगी को कहा जाता है कि कई रंगों से भरी है। रंग कुछ और नहीं, जीवन के कई पक्षों को दर्शाता है। जिंदगी को कई विशेषणों से नवाजा ज्ञाता है जैसे मुश्किल भरी, खूबसूरत भरी। ये इस बात पर निर्भर करता है कि अलग अलग लोग इसे किस तरह समझते हैं। हम सभी का जन्म कुछ स्वभाविक प्रवृतियों के साथ हुआ है। स करात्मक या नकारात्मक। जो हमारी सोच के हिसाब से हम किस तरह अपनी जीत का जशन मनाते हैं या अपनी हार का शोक। दो लोग एक रेस की हार को दो अलग- अलग तरीकों से ले सकते हैं। हो सकता है कि एक अपने आप को कमज़ोर समझकर अपने आप को बेहतर न बनाने प्रण ले तो दूसरा अपनी किस्मत को दोष देता है। यह दो व्यक्तियों के व्यवहारिक नमूने को दर्शाता है। पर समझाने कि बात यह है कि जो हम उम्मीद करते है, ज़रूरी नहीं की वही हो। इसलिए हमारी सोच हमारे अनुभव के साथ बदलती है। जितने ज्यादा हम अनुभव लेते है, जीवन के उतने ही रंगों से भरा होता है।

**Mohammed Affan**
IX-A